**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1323

20.03.12ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയുടെ ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന തിനുശേഷം വയനാട് ജില്ലയുടെ ടൂറിസം വികസനത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിൽ ചുവടെ ചേർത്തിരിക്കുന്ന ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>1 കാരാപ്പുഴ അണക്കെട്ടും പ്രാന്ത പ്രദേശങ്ങളും പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രമാക്കുവാനുള്ള പദ്ധതി<br>2 പൂക്കോട് തടാകത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനു വേണ്ടിയുള്ള പദ്ധതി<br>3 പഴശ്ശിരാജാ സ്മാരകത്തിൽ മ്യൂസിയം, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ എന്നിവയുടെ നിർമ്മാണം<br>4 പനമരത്ത് കബനീ തീരത്തിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം |
| (ബി) | ജില്ലയിലെ ടൂറിസം വികസനത്തിനായി കേന്ദ്ര സർക്കാരിന് ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ടൂറിസം ഡെസ്റ്റിനേഷനിൽ ഉൾപ്പെടുത്തി കാരാപ്പുഴ ഡാം പ്രദേശങ്ങൾ വികസിപ്പിക്കുന്നതിനായി 492.03 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | ജില്ലയിലെ വിനോദസഞ്ചാരമേഖലയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഒരു സമഗ്ര ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | വയനാട് ജില്ലയുടെ ടൂറിസം വികസനത്തിനായി മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ